[Mr. T. T. Kesavan Sastri.]

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി എടുക്കാനിടയായി ?

HON'BLE MR V. O. MARKOS : കന്നത്തുനാട്താലൂക്കിൽ മണിക്കമംഗലം പകുതിയിൽ ഒരു വളംഡിപ്പോ സ്ഥാപിക്കുന്നതിന് അനുവദിച്ചിട്ടുണ്ട്. അതു് കാലടി വില്ലേജ്യൂണിയനിൽ നിന്നാണു കിട്ടിയിട്ടുള്ളതു്.

(ബി) ആ വില്ലേജ്യൂണിയനു് ഏജൻസി അനുവദിച്ചിട്ടുണ്ടു്.

MR. T. T. KESAVAN SASTRI : അവിടത്തെ ഏജൻസിക്കു് ആരാണു് അപേക്ഷിച്ചിരിക്കുന്നതെന്നു് പറയാമോ ?

HON'BLE MR. V. O. MARKOS : അവിടത്തെ വില്ലേജ് യൂണിയനാണു്.

സഹകരണസംഘങ്ങൾ.

* 188. MR. MOHAMMED MUSTAFA (*Pathanapuram—Muslim Reserved*): താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട സഹകരണവകുപ്പുമന്ത്രി സദയം മറുപടിപറയുമോ ?

സഹകരണസംഘങ്ങൾ രജിസ്റ്റർചെയ്തു കിട്ടുവാനുള്ള അപേക്ഷകൾ പൊതുജനങ്ങളിൽനിന്നും ലഭിച്ചാൽ യഥാവസരം രജിസ്റ്റർചെയ്തുകൊടുക്കാതെ മനഃപൂർവമായി നിരുത്സാഹപ്പെടുത്തുന്നതായി പൊതുജനങ്ങളിൽനിന്നും പരാതികൾ ലഭിച്ചിട്ടുണ്ടോ ?

HON'BLE MR. V. O. MARKOS : അങ്ങനെ പരാതികൾ ലഭിച്ചിട്ടില്ല.

MR. K. RAMACHANDRAN (*Pathanamthitta—I*) : ഏതടിസ്ഥാനത്തിലാണു് സഹകരണസംഘങ്ങൾ രജിസ്റ്റർചെയ്തു കൊടുക്കുന്നതെന്നു പറയാമോ ?

HON'BLE MR. V. O. MARKOS : സഹകരണസംഘങ്ങളെക്കുറിച്ചുള്ള നിയമങ്ങൾ ഉണ്ടു്. അവയുടെ അടിസ്ഥാനത്തിലാണു് ആ സംഘങ്ങൾ രജിസ്റ്റർചെയ്തു കൊടുക്കാറുള്ളതു്.

Price of rice in Tinnevelly and in Travancore.

* 189 MR. K. P. NILAKANTA PILLAI (*Chirayinkil I —General*): Will the Hon'ble Minister for Food be pleased to state the comparative price of rice sold in Tinnevelly District and in Travancore during January 1949 ?

HON'BLE MR. V. O. MARKOS : Sale price of rice during January 1949.

(a) in Travancore I. Rs. 37 per standard bag of 160 lbs. nett ex-Government Go-down.

LIBRARY ARCHIVES Kerala Legislative Assembly